ഭരണഭാഷ മാതൃഭാഷ

നം.എ1/18417/16/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 25-04-2016

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം -അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം, പൊതു സ്ഥലംമാറ്റം - അപേക്ഷകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- സർക്കാർ ഉത്തരവ്(പി)നമ്പർ 12/2004/പി&എ.ആർ.ഡി തീയതി 10.09.2004.

പൊതു വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം ചുവടെ പറയുന്ന രണ്ട് രീതിയിലാണ് നടത്തിവരുന്നത്.

**1) ഓൺലൈൻ മുഖേന :**

നിലവിലെ ജില്ലയിൽ നിലവിലെ തസ്തികയിൽ അഞ്ച് വർഷം പൂർത്തീകരിച്ചവർക്കാണ് ഓൺലൈൻ മുഖാന്തിരം അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷിക്കാൻ അർഹതയുള്ളത്. അതാത് ജില്ലകളിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളുടെയും നിലവിലെ ജില്ലയിലെ നിലവിലെ തസ്തികയിലെ സേവനകാലയളവിന്റെയും അടിസ്ഥാനത്തിലാണ് സ്ഥലംമാറ്റം നൽകുന്നത്. അഞ്ച് വർഷ നിബന്ധനക്കുള്ള ഇളവുകൾ, പ്രത്യേക പരിഗണനാവിഭാഗങ്ങൾ തുടങ്ങിയ മറ്റുമാനദണ്ഡങ്ങൾ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മുതലായവ അതാത് അദ്ധ്യയന വർഷത്തേക്കുള്ള അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലറിൽ വ്യക്തമാക്കുന്നതാണ്. ഈ പരിഗണനകൾ ഓൺലൈൻ മുഖേന മാത്രമാണ് ലഭിക്കുന്നതും.

**2) സഹതാപാർഹ അന്തർജില്ലാ സ്ഥലംമാറ്റം:**

അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ 20% മാത്രമാണ് ഇത്തരത്തിൽ നികത്തുന്നത് ഇതിനായി അപേക്ഷ ക്ഷണിക്കുന്ന വേളയിൽ അപേക്ഷകർ സ്വയം പൂരിപ്പിച്ച അപേക്ഷ ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ സഹിതം ഉചിതമാർഗ്ഗേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ നിലവിലെ ജില്ലയിൽ നിലവിലെ തസ്തികയിൽ അഞ്ച് വർഷത്തെ സേവനം

പൂർത്തിയാക്കിയിരിക്കണം. ഉചിതമാർഗ്ഗേനയല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അധ്യാപകരുടെ ജില്ലാതല പൊതു സ്ഥലംമാറ്റം ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഇതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്ഥലംമാറ്റത്തിനായി പരിഗണിക്കുകയുള്ളൂ.

മേൽ വിവരിച്ച വിധം അധ്യാപകരുടെ സ്ഥലംമാറ്റത്തിനായി വ്യക്തവും സുതാര്യവുമായ മാനദണ്ഡങ്ങൾ നിലവിലിരിക്കെ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് മേൽ വിവരിച്ച മാർഗ്ഗങ്ങളിലൂടെയല്ലാതെ അദ്ധ്യാപകരുടെയും ബന്ധുക്കളുടേതുമായി നിരവധി അപേക്ഷകൾ ഈ ഓഫീസിൽ ലഭിക്കുന്നുണ്ട്. ഇത്തരം അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ലായെന്നും യാതൊരുവിധ മറുപടിയും ഇത്തരം അപേക്ഷകൾക്ക് നൽകുന്നതല്ലായെന്നും അറിയിക്കുന്നു.

നിലവിലുള്ള വ്യവസ്ഥകൾ പാലിക്കാതെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും അദ്ധ്യാപകർക്ക് അനർഹമായ സ്ഥലംമാറ്റം ലഭിച്ചാൽ ആയത് സംബന്ധിച്ച പരാതി ഉചിതമാർഗ്ഗേണ നൽകുന്നതിനും ഈ സർക്കുലർ പ്രകാരം നിർദ്ദേശം നൽകുന്നു.

M.S. Jaya

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ഹെഡ്മാസ്റ്റർമാർക്കും ( വിദ്യാഭ്യാസ ഉപഡയറക്ടർ മുഖാന്തിരം)
3) എല്ലാ അദ്ധ്യാപകർക്കും (ഹെഡ്മാസ്റ്റർമുഖാന്തിരം)
4) എ3, ബി1 & ബി2 സെക്ഷൻസ്
5) ഡയറക്ടർ ഐ.ടി@ സ്കൂൾ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6) സ്റ്റോക്ക്ഫയൽ /ഓഫീസ് കോപ്പി

*SG – 16.04.2016*